# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 372 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി വന്നതിനുശേഷമുള്ള വിലക്കയറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ഉണ്ടായ വിലക്കയറ്റവും കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന വിലക്കയറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കു വേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭ്യമാക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.<br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതു മൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ |

| | | | |
|---|---|---|---|
| | | | വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. |
| (ബി) | പായ്ക്ക് ചെയ്ത ഉല്പന്നങ്ങളിൽ ജി.എസ്.ടി നിലവിൽ വരുന്നതിന് മുമ്പുള്ള വിലയും ശേഷമുള്ള വിലയും രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കിലുണ്ടായ വ്യത്യാസം അനുസരിച്ച് എം.ആർ.പിയിൽ പുതുക്കൽ വരുത്തണമെങ്കിൽ ഉല്പാദകർ അല്ലെങ്കിൽ ഇറക്കുമതി ചെയ്യുന്നവർ ദേശീയതലത്തിൽ പത്രപ്പരസ്യം നൽകുകയും വില കൂടാനുണ്ടായ കാരണം പ്രസ്തുത പരസ്യത്തിൽ രേഖപ്പെടുത്തുകയും വേണം. പുതുക്കിയ എം.ആർ.പി നിരക്ക് നിലവിലുള്ള പാക്കറ്റിൽ വെട്ടിതിരുത്താതെ പുതിയ സ്റ്റിക്കറായി പതിപ്പിക്കുകയും വേണമെന്ന് ലീഗൽ മെട്രോളജി വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി പ്രകാരം ഓരോ ഉല്പന്നങ്ങൾക്കും നിലവിൽ വന്ന നികുതി, കുറഞ്ഞ നികുതി, വിലവിവരം ഇവ കൃത്യമായി പരസ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലുണ്ടായിരുന്ന ആകെ നികുതിഭാരത്തിൽ ജി.എസ്.ടി നിരക്കുകൾ നടപ്പിലാക്കുമ്പോൾ കുറവ് വരുന്നുണ്ടെങ്കിലും ഇതുമൂലമുണ്ടാകുന്ന ലാഭം ഉപഭോക്താക്കൾക്കു കൈമാറാതെ വ്യാപാരികൾ കൈയടക്കുന്ന പ്രവണത ഉണ്ടാകും എന്നു കണ്ടുകൊണ്ട് ഇതിനെതിരെ ജ.എസ്.ടി കൗൺസിലിൽ |

| | | | |
|---|---|---|---|
| | | | നിരന്തരം നടപടികൾ ആവശ്യപ്പെട്ടിരുന്നു. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും പുതിയ നിരക്കും അടങ്ങുന്ന ടാക്സ് ഇൻസിഡൻസ് മാട്രിക്സ് പ്രസിദ്ധീകരിക്കണമെന്നും അത് സംസ്ഥാനങ്ങൾക്ക കൈമാറണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ഇത് ചെയ്യാൻ കേന്ദ്രസർക്കാർ ഇതേവരെ തയ്യാറായില്ല. സംസ്ഥാനം 100 ഉപഭോക്തൃ ഉൽപന്നങ്ങളുടെ ഇത്തരത്തിലുള്ള നികുതി വ്യതിയാനം അന്വേഷിച്ച് കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിരുന്നു. |
| (ഡി) | ജി.എസ്.ടി പ്രകാരം വില കുറയുന്ന ഉല്പന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതിന്റെ പേരിൽ വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എത്ര വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ? | (ഡി) | ജി.എസ്.ടി നടപ്പിൽ വരുത്തിയതിന്റെ ആദ്യ ഘട്ടത്തിൽ ഉണ്ടായ ആശയക്കുഴപ്പങ്ങളും സംശയങ്ങളുമെല്ലാം വ്യാപാരികളെയും ആശങ്കയിലാക്കിയിരുന്നു. ഉയർന്ന നികുതി നൽകി വാങ്ങിവെച്ചിരുന്ന സ്റ്റോക്കിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംബന്ധിച്ചും മറ്റും ഉണ്ടായ അവ്യക്തതകളും ഇതിനു കാരണമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് വ്യാപാരികളുടെയും മറ്റും യോഗം ചേർന്ന് വിശദീകരിക്കാനാണ് സർക്കാർ ശ്രമിച്ചത്. ജി.എസ്.ടി യുടെ മറവിൽ അമിതലാഭം കൈയടക്കാനുള്ള പ്രവണത അംഗീകരിക്കില്ലെന്നും അങ്ങനെയുണ്ടായാൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾക്ക് സമ്മർദ്ദം ചെലുത്തുമെന്നും വ്യാപാരികളെ അറിയിച്ചു. എം ആർ പി ചട്ടങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ